**Week -4**

# Weekly Devotion - January 2017

# The Lord who looked at a Faithful man

## (വിശ്വസ്തനെ നോക്കുന്ന ദൈവം)



അമേരിക്കയുടെ കായിക ചരിത്രത്തിലെ ഏറ്റവും മഹാന്മാരായ പ്രതിഭകളിൽ ഒരുവനാണ് ജെസ്സിഓവൻസ്. ജീവതത്തിൽ ഉയർച്ച പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്നവർ അദ്ദേഹത്തിന്റെ ജീവിതാനുഭവം അറിയുന്നത് നല്ലതാണ്. കഠിനാദ്ധ്വാനവും, എല്ലാറ്റിനും ഉപരി സ്വഭാവശുദ്ധിയും, ദൈവത്തോടുള്ള വിശ്വസ്തതയും, വിശ്വാസവും ഉയർച്ചയ്ക്ക് ആവശ്യമാണ്. വളരെ ദരിദ്രമായ ഒരു നീഗ്രോ കുടുംബത്തിലെ അംഗമായിരുന്നു ജെസ്സി. ചെറുപ്പത്തിൽ തന്നെ കഷ്ടതയുടെ കടുത്ത പാഠങ്ങൾ പഠിച്ചാണ് അദ്ദേഹം വളർന്നു വന്നത്. എങ്കിലും തങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവിതം ആത്മീയമായി സമ്പന്നമായിരിപ്പാൻ ജെസ്സിയുടെ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. ദൈവം നിന്നെ ഉയർത്തും എന്ന് എപ്പോഴും അമ്മ മക്കളോട് പ്രത്യേകം പറയുമായിരുന്നു.

ഒരു ദിവസം ജെസ്സിയുടെ സ്കൂളിൽ നടന്ന ഉപവാസ പ്രാർത്ഥനയ്ക്ക് പ്രത്യേക അതിഥിയായി പങ്കുകൊണ്ടത് ആ കാലത്തെ ഒരു ഓട്ടക്കാരനായിരുന്നു. തന്റെ മുമ്പിലുള്ള കുട്ടികളെ നോക്കി അദ്ദേഹം ഇപ്രകാരം പറഞ്ഞു നിങ്ങൾ ആരാണെന്ന് അറിയാമോ? നിങ്ങൾ ദൈവത്തിന്റെ

അതുല്യ സൃഷ്ടികളും ദൈവത്തിന്റെ മക്കളുമാണ്. ശരിയായ വിശ്വാസവും, ലക്ഷ്യബോധവും, സൽസ്വഭാവും നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങൾ ഉയർച്ചയിലെത്തും, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇത്രയും പറഞ്ഞ് പുറത്തിറങ്ങിയ അതിഥിയെ ജെസ്സി എന്ന ബാലൻ പിടിച്ചു നിർത്തി ഇപ്രകാരം പറഞ്ഞു " സാർ, ഞാൻ വലിയവനാകും". സന്തുഷ്ടനായ അതിഥി ഈ ബാലനെ ചേർത്തു പിടിച്ച് അനുഗ്രഹിച്ച് പ്രാർത്ഥിച്ച് അയച്ചു. അവന്റെ ആഗ്രഹവും, അദ്ധ്വാനവും നോക്കിക്കണ്ട ദൈവം അവനെ മാനിച്ചു. 1936 ലെ ബർളിൻ ഒളിംപിക്സിൽ നാല് സ്വർണ്ണമെഡൽ കരസ്ഥമാക്കിയ വ്യക്തിയായി മാറുവാൻ ദൈവം സഹായിച്ചു. ലോകം ഇന്ന് ഓർക്കുന്ന, ബഹുമാനിക്കുന്ന ഒരു വ്യക്തിയായിത്തീരുവാൻ കഴിഞ്ഞത് അവന്റെ വിശ്വാസവും ദൃഢനിശ്ചയവും മൂലമാണ്.



അപ്രതീക്ഷിതമായി ഉയർന്നു വന്ന ഒരു നേതാവാണ് ഗിദെയോൻ. ഗോതമ്പു മെതിയ്ക്കുന്ന ഒരു കൃഷിക്കാരനായി മുന്തിരിച്ചക്കിനരികെയാണ് ആദ്യം നാം ഇവനെ കാണുന്നത്. തന്റെ കുടുംബത്തെക്കുറിച്ച് ചിന്തയുള്ളവനാകയാൽ മിദ്യാന്യസൈന്യം തന്റെ അദ്ധ്വാനഫലം തട്ടിയെടുക്കാതെ ഇരിപ്പാനാണ് സ്ഥാനം മാറ്റിമെതിച്ചത്. പലരും ശത്രുവിനെ ഭയന്ന് ഗുഹകളിൽ കഴിയുമ്പോൾ ഈ അദ്ധ്വാനശീലന്റെ പ്രവർത്തി, കുടുംബത്തെ സംരക്ഷിപ്പാനുള്ള വാഞ്ച, ഇവ നോക്കിക്കണ്ട ദൂതൻ അവനെ വിളിച്ചത് പരാക്രമശാലിയേ എന്നാണ്. ബാലിനെ സേവിച്ച

വനെ കണ്ടെത്തി നിയോഗം ഏല്പിച്ചത് എന്തു കൊണ്ട് എന്ന് പലർക്കും തോന്നാം. സംശയിക്കേണ്ട ദൈവം നോക്കിയത് ഒരു വിശ്വസ്തനെയാണ്.

ശൗലിനെ യിസ്രയേലിന്റെ രാജസ്ഥാനത്തു നിന്ന് തള്ളിയതിനു പകരം യഹോവ കണ്ടെത്തിയവനെ അഭിഷേകം ചെയ്യുവാൻ ശമുവേലിനെ അയച്ച യഹോവ യിശ്ശായിയുടെ മക്കളെ തിരഞ്ഞെടുക്കുന്നതിൽ നിർദ്ദേശം നൽകിയിരുന്നു. യഹോവയുടെ നോട്ടം മനുഷ്യൻ നോക്കുന്നതു പോലെയല്ല, “ മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നരുളി ചെയ്തു” എന്ന് (1 ശമു :16:7) ൽ കാണുന്നു.

ഈ വിശ്വസ്തനായ ഗിദെയോനെ തിരഞ്ഞെടുത്ത യഹോവ അവനോട് പറയുന്നത് ഇപ്പോഴുള്ള ബലത്തോടെ പോകുക, ഞാൻ നിന്നോടു കൂടെയുണ്ട് (ന്യായാ :6:14). കുഞ്ഞുങ്ങളെ ഇപ്പോഴുള്ള ബലം മതി യഹോവ കൂടെയുണ്ടെങ്കിൽ, യഹോവ നിങ്ങളോടു കൂടെ വരണമെങ്കിൽ ദൗത്യ നിർവ്വഹണത്തിന് പുറപ്പെടും മുൻപ് അവൻ പറഞ്ഞത് ശ്രദ്ധയോടെ കേട്ടനുസരിക്കണം, യഹോവ ഗിദെയോനോട് പറഞ്ഞത് അപ്പന്റെ ബാലിൽ ബലിപീഠം ഇടിക്കണം, അശേര പ്രതിഷ്ഠ വെട്ടിക്കളഞ്ഞ് അതിന്റെ വിറകുപയോഗിച്ച് ഈ ദുർഗ്ഗത്തിന്റെ മുകളിൽ നിയമപ്രകാരം തന്നെ യഹോവയ്ക്ക് യാഗം കഴിക്കണം. യാഗം കഴിക്കേണ്ട കാള ഏത് എന്നും വ്യക്തമായി പറഞ്ഞിരുന്നു. അനുസരിപ്പാൻ ബുദ്ധിമുട്ടുള്ള കാര്യം പറഞ്ഞിട്ടുപോലും അവൻ അനുസരിച്ചു. അതിനാൽ യഹോവ കൂടെയിരുന്നനുഗ്രഹിച്ചു. ഗിദെയോന്റെ കാലത്ത് നാല്പത് സംവത്സരം ദേശം സ്വസ്ഥത അനുഭവിച്ചു.

പ്രിയ കുഞ്ഞുങ്ങളെ, ദൈവം പറയുന്നത് കേട്ട് അനുസരിച്ച് വിശ്വസ്തരായി ജീവിക്കുക. **അല്പത്തിൽ വിശ്വസ്തനെ അധികത്തിന് വിചാരകനാക്കും** എന്ന് മറക്കരുത്. വിശ്വസ്തന്മാരെ അന്വേഷിക്കുന്ന ദൈവം നിങ്ങളെ കണ്ടെത്താനിടയാകട്ടെ.

## പ്രാർത്ഥന

പ്രീയയേശുവേ ! ചില പാരമ്പര്യങ്ങളെ തകർത്ത്, വ്യവസ്ഥ പ്രകാരം, അങ്ങയുടെ ഹിത പ്രകാരം യാഗം അർപ്പിപ്പാനുള്ള ധൈര്യം ഞങ്ങൾക്ക് തരേണമേ. അങ്ങനെ ഞങ്ങൾ കുടുംബമായി സ്വസ്ഥത അനുഭവിക്കുവാൻ സഹായിക്കേണമേ, ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind